LIBRARY ARCHIVES Kerala Legislative Assembly

എമർജിംഗ് കേരള പദ്ധതി

280 (629) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരള പദ്ധതി പ്രകാരം ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും ഇൻവെസ്റ്റ്മെന്റ് എത്രയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) എമർജിംഗ് കേരള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ മാത്രമുള്ള 19 പദ്ധതികളിൽ രണ്ടു പദ്ധതികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി 17 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

281 (630) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ; നിർമ്മാണപ്രവർത്തനങ്ങളിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ;

(സി) സ്മാർട്ട് സിറ്റിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 -ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂമിയുടെ ഉപയോഗം, പദ്ധതി പ്രദേശത്തിലുൾപ്പെട്ട റോഡുകൾ, പാലങ്ങൾ, വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, വെള്ളം, മലിനജല കൈകാര്യ സംവിധാനങ്ങൾ, മഴവെള്ള സംഭരണികൾ, ഇക്കോടോൺ ഭൂപ്രദേശങ്ങൾ, കളി സ്ഥലങ്ങൾ, പാർക്കുകൾ, നടപ്പാതകൾ, എന്നീ വിശദാംശങ്ങൾ അടങ്ങുന്ന പദ്ധതി രൂപരേഖയ്ക്ക് പരിസ്ഥിതി ആഘാത പഠന അതോറിറ്റിയുടെ അനുമതി ലഭിച്ച കൂടാതെ സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെട്ട 246 ഏക്കർ ഭൂമിയിൽ 232 ഏക്കറിന് SEZ പദവി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി 3.7 Km. റോഡുകൾ, അഴുക്ക് ചാലുകൾ, കേബിൾ കിടങ്ങുകൾ എന്നിവയ്ക്ക് കരാർ നൽകിക്കഴിഞ്ഞു. പ്രാരംഭ ആവശ്യത്തിനുള്ള ജല ലഭ്യത ഉറപ്പാക്കി കഴിഞ്ഞു. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസ് പദ്ധതിയ്ക്ക് ലഭ്യമായിട്ടുണ്ട്.

(സി) പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഭാഗമായി ലീഡർഷിപ്പ് ഇൻ എനർജി & എൻവയോൺമെന്റൽ ഡിസൈൻ (LEED) അംഗീകാരത്തോടുകൂടിയ 4000 വിദഗ്ദ്ധർക്ക് നേരിട്ട് നിയമനം നൽകാൻ സാധിക്കുന്ന വിധത്തിലുള്ള 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യത്തെ IT Park കെട്ടിടം മാർച്ച് 2015-ഓടെ പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു: സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടത്തിൽ പണിതീർക്കുന്ന ആറരലക്ഷം ചതുരശ്രയടി കെട്ടിടത്തിന്റെ ഉദ്ഘാടനം 2015 മാർച്ച് 25-ന് നിർവ്വഹിക്കും. ഇതിൽ 5000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 30 ലക്ഷം ചതുരശ്രയടി കെട്ടിടത്തിന്റെ നിർമ്മാണം 2014-ൽ തന്നെ തുടക്കമിടും.

വ്യാവസായിക രംഗത്തെ നിക്ഷേപം

282 (631) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ രംഗത്ത് എത്ര രൂപയുടെ നിക്ഷേപം ഉണ്ടായി ;

(ബി) എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു ;

(സി) പ്രസ്തുത കാലയളവിൽ എത്ര ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞു ;